12
വ്യാഴം
2017 ജനുവരി
1192 ധനു 28

# മക്തബ്

www.makthabdaily.com

VISMAYA SILKS
വിവാഹ പർച്ചേസുകൾക്ക് സ്പെഷ്യൽ ഡിസ്കൗണ്ട്
ഹോൾസെയിൽ
ബെൽസ്ക്വയർ ബിൽഡിംഗ്
Nr. ബദരിയ്യ പ്ലാസ
Opp. ബസ് സ്റ്റാന്റ്,
തളിപ്പറമ്പ
Ph: 0460 2207923

തളിപ്പറമ്പ | പുസ്തകം 10 ലക്കം 78 | makthabdaily@gmail.com | RNI Reg.No.KER MAL/2007/22043 | Reg.No.KL/KNR/15/2015-17 Ph: 0460- 2208010 | പേജ് 4 വില: 4.00 രൂപ

## സോളാർ കമ്മീഷന്റെ അസാധാരണ നടപടി

# ഉമ്മൻചാണ്ടിയെ വിസ്തരിക്കാൻ സരിതക്ക് അനുമതി

എറണാകുളം: മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയെ ക്രോസ് വിസ്താരം നടത്താൻ സരിത എസ്. നായർക്ക് സോളാർ കമ്മീഷൻ അനുമതി നൽകി. ഇന്ന് രാവിലെ ഉമ്മൻചാണ്ടി സോളാർ കമ്മീഷൻ മുമ്പാകെ ഹാജരായിരുന്നു. ഈസമയമാണ് സരിത കമ്മീഷന് മുമ്പാകെ നേരിട്ടെത്തി കേസിൽ ഉമ്മൻചാണ്ടിയെ വിസ്തരിക്കാൻ തനിക്ക് അനുമതി വേണമെന്ന ഹർജി നൽകിയത്. ഈ ഹർജി കോടതി അനുവദിക്കുകയായിരുന്നു. സൗമ്യ ക്കേസിൽ പ്രതി ഗോവിന്ദച്ചാമിക്ക് വേണ്ടി ഹാജരായ അഡ്വ. ബി.എ. ആളൂരാണ് സോളാർ കമ്മീഷനിൽ സരിതയ്ക്ക് വേണ്ടി ഹാജരാകുന്നത്. എറണാകുളത്തെത്തിയ ആളൂർ ഉച്ചയ്ക്ക് ശേഷം ഉമ്മൻചാണ്ടിയെ വിസ്തരിക്കും.

രാവിലെ ലോയേഴ്സ് യൂണിയൻ സെക്രട്ടറി രാജേന്ദ്രൻ, ഉമ്മൻചാണ്ടിയെ ക്രോസ് വിസ്താരം നടത്തി. തനിക്കെതിരെ ആരോപണം ഉന്നയിച്ച മല്ലേലിൽ ശ്രീധരൻ നായർ ആദ്യം നൽകിയ പരാതിയിൽ തന്റെ പേര് ഉണ്ടായിരുന്നില്ലെന്ന് ഉമ്മൻചാണ്ടി വ്യക്തമാക്കി. പിന്നീടാണ് തന്നെ കൂടി ഉൾപ്പെടുത്തി പരാതി നൽകിയത്. എ.പി. അബ്ദുള്ളക്കുട്ടിക്കെതിരെ സരിത പരാതി നൽകിയ കാര്യം അറിയാമെന്ന് ഉമ്മൻചാണ്ടി പറഞ്ഞു. എന്നാൽ ഈ പരാതിയിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് ഇപ്പോൾ പറയാനാകില്ല. എൽ.ഡി.എഫ് അധികാരത്തിൽ വന്നതിന് ശേഷം കേസ് അന്വേഷിക്കുന്നുണ്ടോയെന്ന കാര്യം തനിക്ക് അറിയില്ലെന്നും ഉമ്മൻചാണ്ടി വ്യക്തമാക്കി.

സോളാർ കമ്മീഷൻ മുമ്പാകെ മൊഴി നൽകാൻ ഹാജരായ ഉമ്മൻചാണ്ടിയെ ക്രോസ് വിസ്താരം നടത്താൻ സരിതയ്ക്ക് അനുമതി നൽകിയതിനെ അസാധാരണ നടപടിയായിട്ടാണ് നിയമവൃത്തങ്ങൾ കാണുന്നത്. സോളാർക്കേസിൽ ശിക്ഷിക്കപ്പെട്ട വ്യക്തിയാണ് സരിത.

## കോഴിക്കോട് കഞ്ചാവ് സഹിതം പിടിയിലായ സംഘത്തിന്റെ തലവൻ കാനംവയൽ സ്വദേശിയായ വിദ്യാർത്ഥി



സാന്റോ മാത്യു    ലിബിൻ ജോസ്



*കഞ്ചാവ് വലിക്കാൻ ഉപയോഗിക്കുന്ന ബോംഗ്*

കോഴിക്കോട്: കഞ്ചാവുമായി പിടിയിലായ നാലംഗ സംഘത്തിന്റെ തലവൻ ചെറുപുഴ കാനംവയൽ സ്വദേശിയായ ഹോട്ടൽ മാനേജ്മെന്റ് വിദ്യാർത്ഥി. കാനംവയലിലെ കുട്ടക്കല്ലുമ്മിൽ ജോസഫിന്റെ മകൻ ലിബിൻ ജോസഫ് (22) ഉൾപ്പെട്ട സംഘത്തെ ഇന്നലെയാണ് കോഴിക്കോട് എക്സൈസ് ഇൻസ്പെക്ടർ പി.മുരളീധരന്റെ നേതൃത്വത്തിൽ പിടികൂടിയത്. വെള്ളരിക്കുണ്ട് പാലാവയൽ സ്വദേശി നിരപ്പേൽ ഷാന്റോ മാത്യു (24), വയനാട് വൈത്തിരി സ്വദേശി റാഷിദ് (22), തലശേരി സ്വദേശി ബിലാൽ (20) എന്നിവരാണ് പിടിയിലായ മറ്റുള്ളവർ. ഇതിൽ ഷാന്റോ മാത്യു എഞ്ചിനീയറിംഗ് ഡിപ്ലോമ നേടിയിട്ടുണ്ട്. ഇവരിൽ നിന്ന് 300 ഗ്രാം കഞ്ചാവ് പിടിച്ചെടുത്തു. ഇവർ ഉപയോഗിക്കുന്ന സ്കൂട്ടറും കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

ലിബിൻ ജോസിനെയാണ് ആദ്യം പിടികൂടിയത്. കഞ്ചാവ് വാങ്ങാനെന്ന പേരിൽ ലിബിനെ സമീപിച്ചാണ് കുടുക്കിയത്. എക്സൈസ് സംഘം വേഷം മാറി കഞ്ചാവ് ഉപഭോക്താക്കളെന്ന വ്യാജേന സമീപിക്കുകയായിരുന്നു. 500 രൂപക്ക് കഞ്ചാവ് വാങ്ങാനാണ് ഇവർ സമീപിച്ചത്. എന്നാൽ 1000 രൂപക്ക് പത്ത് ഗ്രാം കഞ്ചാവ് നൽകാമെന്നാണ് ലിബിൻ പറഞ്ഞത്. ഒടുവിൽ വിലപേശിയാണ് 500 രൂപക്ക് 10 ഗ്രാം കഞ്ചാവ് എന്ന നിലയിൽ ഉറപ്പിച്ചത്. ഉടൻ ലിബിനിനെ പിടികൂടുകയായിരുന്നു. ഇയാളെ ചോദ്യം ചെയ്തപ്പോഴാണ് മറ്റുള്ളവരെ കുറിച്ച് വിവരം ലഭിച്ചത്. ഇവർ താമസിക്കുന്ന സ്ഥലം റെയ്ഡ് ചെയ്ത് കഞ്ചാവ് വലിക്കാൻ ഉപയോഗിക്കുന്ന ബോംഗ് എന്ന ഉപകരണം പിടിച്ചെടുത്തു. ഷാന്റോ മാത്യുവാണ് ഈ ഉപകരണം നിർമ്മിച്ചത്.

കോഴിക്കോട് കാംസ് എന്ന സ്ഥാപനത്തിൽ ഹോട്ടൽ മാനേജ്മെന്റ് പഠിക്കുന്ന ലിബിനിന്റെ സുഹൃത്താണ് ഷാന്റോ മാത്യു. ഇയാൾ നേരത്തെ കാനംവയലിൽ താമസിച്ചിരുന്നു. എഞ്ചിനീയറിംഗ് ഡിപ്ലോമ നേടി ഷാന്റോ ഇപ്പോൾ കോഴിക്കോട് ഹാർബറിൽ ജോലി ചെയ്തുവരികയാണ്. പ്രതികൾ നാലുപേരും വാടക മുറിയിലാണ് താമസിക്കുന്നത്. ലിബിനും റാഷിദും കോയമ്പത്തൂരിൽ നിന്നാണ് കഞ്ചാവ് കൊണ്ടുവരുന്നത്. ഷാന്റോ മാത്യു വികസിപ്പിച്ചെടുത്ത ബോംഗ് എന്ന ഉപകരണം ഇവർ വ്യാപകമായി വിറ്റഴിച്ചിട്ടുണ്ടെന്നാണ് സൂചന. കോളേജുകൾ, പോളിടെക്നിക്കുകൾ എന്നിവയുടെ പരിസരത്താണ് കഞ്ചാവും അവ വലിക്കാനുള്ള ഉപകരണങ്ങളും ഇവർ വിറ്റഴിക്കാറുള്ളതത്രെ. കഞ്ചാവ് ഉപയോഗിക്കാറുള്ള പ്രതികൾ അത് വിൽപ്പന നടത്തി പണം സമ്പാദിച്ച് ആഢംബരജീവിതം നയിക്കുകയാണത്രെ പതിവ്.

## വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ വിദ്യാർത്ഥിയെ തല്ലിച്ചതച്ചു

ചെമ്പേരി: വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിയെ സീനിയർ വിദ്യാർത്ഥികൾ ക്രൂരമായി മർദിച്ചു. ഒമ്പതിന് കോളേജ് ദിനാഘോഷത്തിനിടയിലാണ് മൂന്നാംവർഷ വിദ്യാർത്ഥിയും പ്രോഗ്രാം കോ-ഓർഡിനേറ്ററുമായ വിപിൻ മാത്യു (20)വിന് മർദനമേറ്റത്. ദിനാഘോഷത്തിനിടയിൽ മൈക്കിന്റെ ശബ്ദം കുറക്കണമെന്ന് അധ്യാപകർ ആവശ്യപ്പെട്ടു. ഒരു സംഘം സീനിയർ വിദ്യാർത്ഥികൾ ഇതിനെ എതിർത്തു. ഇവർ തമ്മിലുള്ള തർക്കം പറഞ്ഞു തീർക്കാൻ ശ്രമിക്കുന്നതിനിടയിൽ വിപിനിനെ സീനിയർ വിദ്യാർത്ഥികൾ മർദിച്ചുവെന്നാണ് പരാതി. വിദ്യാർത്ഥികളായ നവീൻ ഫിലിപ്പ്, അമൽ ജോസ്, സഞ്ജയ്, അബിറാം, സി.പി.നിധിൻ, ഷാനത്ത് എന്നിവർക്കെതിരെ പോലീസ് കേസെടുത്തു. നട്ടെല്ലിന് പരിക്കേറ്റ നിലയിൽ വിപിനിനെ തളിപ്പറമ്പിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

## ബി.ജെ.പിക്കാരന് വെട്ടേറ്റു; സി.പി.എമ്മുകാരന് മർദനം, ഇല്ലത്ത് താഴെ ഹർത്താൽ

തലശേരി: ബി.ജെ.പി പ്രവർത്തകനെ വഴിയിൽ തടഞ്ഞു നിർത്തിവെട്ടി പരിക്കേൽപ്പിച്ചു. ഇല്ലത്തുതാഴെ പ്രശാന്ത് നിവാസിൽ നിശാന്ത് (27)നെ മൂക്കിനും കാലിനും പരിക്കേറ്റ നിലയിൽ ഇന്ദിരാഗാന്ധി സഹകരണാശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇന്നലെ രാത്രി ഒമ്പത് മണിയോടെ 12ഓളം വരുന്ന സി.പി.എം പ്രവർത്തകർ തടഞ്ഞുനിർത്തി വളഞ്ഞിട്ട് ആക്രമിക്കുകയായിരുന്നു. അക്രമത്തിൽ പ്രതിഷേധിച്ച് ബി.ജെ.പി ആഹ്വാനപ്രകാരം ഇല്ലത്തുതാഴെ ഹർത്താൽ ആചരിക്കുകയാണ്. വൈകുന്നേരം ആറുവരെയാണ് ഹർത്താൽ. കടകളും സ്ഥാപനങ്ങളും അടഞ്ഞുകിടക്കുകയാണ്. എന്നാൽ വാഹനഗതാഗതത്തെ ഹർത്താൽ ബാധിച്ചിട്ടില്ല.

ഒരുമാസം മുമ്പ് നിശാന്തിന്റെ വീട്ടിന് മുന്നിൽ റീത്ത് വെച്ചിരുന്നു. റീത്തിനൊപ്പം ഭീഷണി കത്തും ഉണ്ടായിരുന്നു. അതേസമയം സി.പി.എം പ്രവർത്തകൻ ഇല്ലത്ത് താഴെ ദിൽജിത്തിനെ മർദനമേറ്റ നിലയിൽ തലശേരി സഹകരണ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ബി.ജെ.പി പ്രവർത്തകർ അക്രമിച്ചുവെന്നാണ് പരാതി.

## വാഹനാപകടത്തിൽ പരിക്കേറ്റ് ചികിത്സയിലിരിക്കെ യുവതി മരിച്ചു

തളിപ്പറമ്പ: വാഹനാപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന യുവതി മരിച്ചു. പന്നിയൂരിലെ കൊയ്യാന്റകത്ത് പനക്കുന്നുമ്മൽ ഷരീഫ(46)യാണ് മരിച്ചത്. ഈ മാസം രണ്ടിന് പുഷ്പഗിരിയിലുണ്ടായ അപകടത്തിലാണ് ഷരീഫക്ക് ഗുരുതരമായി പരിക്കേറ്റത്. ഷരീഫ പിന്നിലിരുന്ന് യാത്ര ചെയ്ത ബൈക്ക് നിയന്ത്രണം വിട്ട് മറിയുകയായിരുന്നു. മംഗലാപുരം സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലിരിക്കെ ഇന്ന് രാവിലെയായിരുന്നു അന്ത്യം.

പരേതനായ അഹമ്മദ്-ഫാത്തിമ ദമ്പതികളുടെ മകളാണ്. ഭർത്താവ്: ഇബ്രാഹിം. മക്കൾ: ബൽക്കീസ്, ഷംസീർ (സൗദി), സബീല, അജ്മൽ, ഹംസ. മരുമക്കൾ: നൗഷാദ് (പട്ടുവം), ഹനീഫ. സഹോദരങ്ങൾ: അബ്ദുൾകരീം, ഹാരിസ്, സെയ്ദ്, ശാദുലി, ഉമ്മർ, സാഹിദ, ഹാജിറ.




*ബി.ജെ.പി ഉത്തരമേഖല ജാഥക്ക് തളിപ്പറമ്പിൽ നൽകിയ സ്വീകരണത്തിൽ ജാഥാലീഡർ എ.എൻ. രാധാകൃഷ്ണൻ സംസാരിക്കുന്നു.*

## വിശദീകരണം തേടി സർക്കാരിന് പോൾ ആന്റണിയുടെ കത്ത്; സസ്പെന്റ് ചെയ്യാൻ മുഖ്യമന്ത്രിയുടെ നിർദേശം

തിരുവനന്തപുരം: സർക്കാരും ഐ.എ.എസ് ഉദ്യോഗസ്ഥരും തമ്മിലുള്ള പോര് മുറുകുന്നതിന് ഇടയിൽ വ്യവസായ വകുപ്പ് സെക്രട്ടറി പോൾ ആന്റണി സർക്കാരിന്റെ വിശദീകരണം ആവശ്യപ്പെട്ട് കത്ത് നൽകി. മന്ത്രിയായിരുന്ന ഇ.പി. ജയരാജൻ നടത്തിയ ബന്ധുനിയമനവുമായി ബന്ധപ്പെട്ട കേസിൽ പോൾ ആന്റണിയെ മൂന്നാം പ്രതിയാക്കിയതിനെ തുടർന്നാണ് അദ്ദേഹം കത്ത് നൽകിയത്.

എഫ്.ഐ.ആറിൽ തന്റെ പേര് ചേർത്തത് മാധ്യമങ്ങളിലൂടെയാണ് താൻ അറിഞ്ഞതെന്ന് ചീഫ് സെക്രട്ടറിക്ക് നൽകിയ കത്തിൽ അഡീ. ചീഫ് സെക്രട്ടറി കൂടിയായ പോൾ ആന്റണി പറയുന്നു. പ്രതിയായ സാഹചര്യത്തിൽ വ്യവസായ സെക്രട്ടറി സ്ഥാനത്ത് താൻ തുടരണമോയെന്ന് വ്യക്തമാക്കണമെന്ന് കത്തിൽ ആവശ്യപ്പെട്ടു. ചീഫ് സെക്രട്ടറി കത്ത് വ്യവസായ മന്ത്രി എ.സി.മൊയ്തീന് കൈമാറി. എന്നാൽ കത്ത് തനിക്ക് ലഭിച്ചിട്ടില്ലെന്നാണ് മന്ത്രി പറഞ്ഞത്.

പോൾ ആന്റണിയെ ബന്ധു നിയമനക്കേസിൽ വിജിലൻസ് പ്രതിയാക്കിയതാണ് ഐ.എ.എസ് ഉദ്യോഗസ്ഥരുടെ കടുത്ത പ്രതിഷേധത്തിന് ഇടയാക്കിയത്. അവധിയെടുത്ത് പ്രതിഷേധിക്കാൻ ഐ.എ.എസുകാർ മുന്നോട്ടുവന്നത് ഈ പ്രശ്നത്തിന്റെ പേരിലാണ്. സമരം പിൻവലിച്ചെങ്കിലും ഐ.എ.എസ് പ്രതിഷേധം പുകയുകയായിരുന്നു. അതിനിടയിലാണ് പോൾ ആന്റണി കത്ത് നൽകിയത്.

ഐ.എ.എസ് ഉദ്യോഗസ്ഥൻ കേസിൽ പ്രതിയായ സാഹചര്യത്തിൽ സർക്കാർ തുടർ നടപടി സ്വീകരിക്കണം. അല്ലെങ്കിൽ നിയമപരമായ നടപടി സ്വീകരിക്കാൻ ഉദ്യോഗസ്ഥന് സർക്കാർ അനുമതി നൽകണം. ഈ പശ്ചാത്തലത്തിലാണ് പോൾ ആന്റണിയുടെ കത്ത്.

അതേസമയം പോൾ ആന്റണിയെ സർവീസിൽ നിന്ന് സസ്പെന്റ് ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ ചീഫ് സെക്രട്ടറിക്ക് നിർദേശം നൽകിയതായി സൂചനയുണ്ട്.

## മോഷ്ടിച്ച റബർ ഷീറ്റുമായി പോകുന്നതിനിടെ യുവാവ് പിടിയിൽ

ചെറുപുഴ: മോഷ്ടിച്ച റബർ ഷീറ്റുകളുമായി പോവുകയായിരുന്ന യുവാവിനെ നാട്ടുകാർ പിടികൂടി പോലീസിൽ ഏൽപ്പിച്ചു. ആയന്നൂർ സ്വദേശി ഷൈജു (25)വിനെയാണ് ഇന്ന് രാവിലെ ചെറുപുഴ ടൗണിൽ നിന്നും നാട്ടുകാർ പിടികൂടിയത്. ആയന്നൂർ, തവളക്കുന്ന് പ്രദേശങ്ങളിൽ കുറച്ചുനാളായി റബർ ഷീറ്റ് മോഷണം വ്യാപകമായിരുന്നു. ഇതോടെ നാട്ടുകാർ നിരീക്ഷണം ഏർപ്പെടുത്തിയിരുന്നു. ഇതിനിടെയാണ് ഷൈജു കുടുങ്ങിയത്.

## മുഖ്യമന്ത്രി നോക്കുകുത്തിയായി; ഭരണം നിലച്ചു: എ.എൻ.രാധാകൃഷ്ണൻ

കണ്ണൂർ: മുഖ്യമന്ത്രി പിണറായി വിജയൻ നോക്കുകുത്തിയായുള്ള ഭരണമാണ് കേരളത്തിൽ നടക്കുന്നതെന്ന് ബി.ജെ.പി സംസ്ഥാന ജനറൽ സെക്രട്ടറിയും ഉത്തരമേഖല ജാഥ ലീഡറുമായ എ.എൻ. രാധാകൃഷ്ണൻ വാർത്താ സമ്മേളനത്തിൽ ആരോപിച്ചു.

ഐ.എ.എസ് ഉദ്യോഗസ്ഥർ തെക്കോട്ടും വടക്കോട്ടും നടക്കുകയാണ്. മന്ത്രിമാരെ കയറൂരിവിട്ട അവസ്ഥയിലാണ്. ഭരണം പൂർണ്ണമായും നിലച്ചിരിക്കുന്നു. പട്ടിണിയെ കുറിച്ചാണ് കേരളം ചർച്ച ചെയ്യേണ്ടത്. കേന്ദ്രം നൽകിയ 14 ലക്ഷത്തിൽപ്പരം മെട്രിക് ടൺ അരി വിതരണം ചെയ്യാത്തതിനെ കുറിച്ച് ചർച്ച ചെയ്യണം. സി.പി.എം മന്ത്രിമാർ പറയുന്നത് സി.പി.ഐ മന്ത്രിമാർക്ക് കപ്പാസിറ്റി ഇല്ലാത്തതുകൊണ്ടാണ് വിതരണം നടക്കാത്തത് എന്നാണ്. അവർ തമ്മിൽ തന്നെ തല്ലാണ്. കമ്മ്യൂണിസമല്ല ബി.ജെ.പിയുടെ മുഖ്യ ശത്രു. വിശപ്പും ദാരിദ്ര്യവുമാണ് ശത്രു.

സി.പി.എം ഇപ്പോ അക്രമരാഷ്ട്രീയത്തിന്റെ പുതിയ പരീക്ഷണത്തിലാണ്. പാലക്കാട് വീടിന് തീ കൊളുത്തി കുടുംബനാഥനെ കൊലപ്പെടുത്തി. അക്രമങ്ങളുടെ ബിംബങ്ങളെയാണ് ഇവർ പ്രചരിപ്പിക്കുന്നത്. ചെഗുവേര അത്തരമൊരു പ്രതീകമാണ്. ഇ.കെ. നായനാർ തന്നെ ചെഗുവേരയുടെ ചിത്രം പ്രദർശിപ്പിക്കുന്നതിനെതിരെ പറഞ്ഞിട്ടുണ്ട്. കോഴിക്കോട് ദേവഗിരി കോളേജ് എസ്.എഫ്.ഐ യൂണിറ്റ് പിരിച്ചുവിട്ടത് ചെഗുവേര അനുസ്മരണം സംഘടിപ്പിച്ചതിനാണ്.

ചലച്ചിത്രകാരൻ കമലിന് എതിരെ പറഞ്ഞ അഭിപ്രായങ്ങളെ കുറിച്ച് മാധ്യമ പ്രവർത്തകർ ആവർത്തിച്ച് ചോദിച്ചപ്പോൾ കമൽ (താമര) ബി.ജെ.പിയുടെ ചിഹ്നമാണ് എന്നായിരുന്നു മറുപടി. ജാഥ അവസാനിച്ചതിന് ശേഷം അക്കാര്യത്തെ കുറിച്ച് കൃത്യമായി പറയാം. അഭിപ്രായത്തിൽ ഉറച്ച് നിൽക്കുന്നുണ്ടോയെന്ന ചോദ്യത്തിന് ഞാൻ ബി.ജെ.പിക്കാരനല്ലേ എന്ന മറുചോദ്യമാണ് ഉന്നയിച്ചത്. പ്രസ്ക്ലബിൽ നടന്ന വാർത്താ സമ്മേളനത്തിൽ ബി.ജെ.പി സംസ്ഥാന വക്താവ് വി.കെ. സജീവൻ, ജില്ലാ പ്രസിഡണ്ട് വി.സത്യപ്രകാശ് എന്നിവരും പങ്കെടുത്തു.

വിദ്യാർത്ഥികൾക്ക്
ഏകദിന പരിശീലനം
10,11,12 ക്ലാസ്സ് വിദ്യാർത്ഥികൾക്കും
മത്സര പരീക്ഷാർത്ഥികൾക്കും അധ്യാപക വിദ്യാർത്ഥികൾക്കും
2017 ജനുവരി 14 ശനിയാഴ്ച 9.30 am - 4.30 pm
പാർക്കൻസ് ഓഡിറ്റോറിയം, താവക്കര, കണ്ണൂർ
മനഃശക്തി പരിശീലനം | മോട്ടിവേഷൻ ക്ലാസ്സുകൾ
മെഡിറ്റേഷൻ പരിശീലനം | മ്യൂസിക്കൽ മെഡിറ്റേറ്റീവ് തെറാപ്പി etc
ഇമോഷണൽ & സ്പിരിച്വൽ കോഷ്യന്റ്, ക്രിയാത്മക ചിന്തകൾ, ക്രിയാശേഷി, ഓർമ്മശക്തി, ആത്മവിശ്വാസം എന്നിവയിലൂടെ ജീവിതലക്ഷ്യവും ജീവിതവിജയവും നേടാം
രജിസ്ട്രേഷൻ നമ്പർ : 8592049022

PKM AYURVEDIC HOSPITAL & RESEARCH CENTRE
Himalaya WELLNESS SINCE 1930
സൗജന്യ പ്രമേഹ നിർണ്ണയ ക്യാമ്പ്
ജലീൽ ഗുരുക്കളുടെ പി.കെ.എം. ആയുർവേദ ആശുപത്രിയും
ഹിമാലയ ഹെർബൽ കെയർ കമ്പനിയും സംയുക്തമായി നടത്തുന്ന
സൗജന്യ പ്രമേഹ നിർണ്ണയ ക്യാമ്പ്
2017 ജനുവരി 14 ശനിയാഴ്ച
പി.കെ.എം. ആയുർവേദ ഹോസ്പിറ്റൽ
പാലകുളങ്ങര സ്ട്രീറ്റ് നമ്പർ-2
ഉദ്ഘാടനം : ശ്രീ അരവിന്ദാക്ഷൻ (ഡി.വൈ.എസ്.പി, തളിപ്പറമ്പ് )
follow us on /pkmhospital
Contact : 9744885599, 9446467595
NB: രജിസ്ട്രേഷൻ രാവിലെ 7.30 മണിക്ക് ആരംഭിക്കും
പരിശോധന ആദ്യം രജിസ്റ്റർ ചെയ്യുന്ന 200 പേർക്ക് മാത്രം
CENTURY TPBA 2206405

ശൈഖുന നരിക്കോട് ഉസ്താദ് (ഖ:സി) മഖാമിൽ
ജലാലിയ്യ: റാത്തീബ് വാർഷികം
2017 ജനുവരി 13,14,15 വെള്ളി, ശനി, ഞായർ
ജലാലിയ്യ നഗർ, രിഫാഈ മസ്ജിദ്, നരിക്കോട്
ജനുവരി 13 വെള്ളി (നാളെ)
ഉച്ചക്ക് 1.00ന് : എറന്താല മഖാം സിയാറത്ത്
2.00ന് : ഉദ്ഘാടന സെഷൻ
ഉദ്ഘാടനം : താജു ശരീഅ ആലിക്കുഞ്ഞി മുസ്ലിയാർ ശിറിയ
മഗ്രിബ് നിസ്കാരാനന്തരം
മുഖ്യപ്രഭാഷണം: ചേരൂർ അബ്ദുള്ള മുസ്ലാർ
രിഫാഈ ദഫ്റാത്തീബ്
നേതൃത്വം : കോയ ഉസ്താദ് കാപ്പാട്
NB: ശൈഖ് മുസ്ലിയാർ സ്മാരണ ദർസ് ഹാൾ
ഉച്ചക്ക് 12 മണി
ഉദ്ഘാടനം
സുൽത്താവുൽ ഉലമ കാന്തപുരം എ.പി.അബൂബക്കർ മുസ്ലിയാർ